"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - മലപ്പുറം ജില്ല കളക്ടർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ ശ്രീ.സുബ്രഹ്മണ്യൻ സമർപ്പിച്ച റിവിഷൻ ഹർജി - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.585/2023/AGRI തീയതി,തിരുവനന്തപുരം, 15-06-2023

---

പരാമർശം:-
1. 07.05.2020-ലെ മലപ്പുറം ജില്ലാ കളക്ടറുടെ DCMPM/10907/2019- B5 നമ്പർ നടപടിക്രമം.
2. ശ്രീ.സുബ്രഹ്മണ്യൻ സമർപ്പിച്ച 24.09.2020-ലെ റിവിഷൻ ഹർജി.
3. ചേലേമ്പ്ര വില്ലേജ് ഓഫീസറുടെ 23.11.2021-ലെ റിപ്പോർട്ട്.
4. ചേലേമ്പ്ര കൃഷി ഓഫീസറുടെ 24.11.2021-ലെ റിപ്പോർട്ട്.
5. 24.11.2021-ലെ മലപ്പുറം ജില്ലാ കളക്ടറുടെ DCMPM/10907/2019- B5 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ല കൊണ്ടോട്ടി താലൂക്കിലെ ചേലേമ്പ്ര വില്ലേജിൽ ബ്ലോക്ക് 1 റീ സർവ്വേ നം. 257/2-ൽ പ്പെട്ട 0.5800 ഹെക്ടർ നിലം അനധികൃതമായി തരം മാറ്റിയത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ല കളക്ടർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം ശ്രീ.സുബ്രഹ്മണ്യൻ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. റിവിഷൻ ഹർജിയിന്മേൽ ഹർജിക്കാരന് ഓൺലൈൻ ആയി ഹിയറിംഗിന് അവസരം നൽകുകയുണ്ടായി. 1993-ൽ തന്നെ ഭൂമി പരിവർത്തനം ചെയ്യപ്പെട്ടതാണെന്നും, 2009-ൽ സ്ഥലം വാങ്ങുമ്പോൾ മരങ്ങളുണ്ടായിരുന്നുവെന്നും തൊട്ടടുത്ത ഭൂമി പരിവർത്തനം ചെയ്യപ്പെട്ടതും മറ്റൊരു ഭാഗം പൊതു റോഡ് ആണെന്നും നെൽവയൽ സ്വഭാവത്തിലുള്ള ഭൂമിയല്ലെന്നും കൃഷിക്ക് അനുയോജ്യമല്ലെന്നും തനിക്ക് വേറെ വീടില്ല എന്നുമായിരുന്നു വാദഗതികൾ. കൂടാതെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെങ്കിലും കൃഷിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കണമെന്നും വാദിച്ചു.

3. ടി വിഷയത്തിൽ ചേലേമ്പ്ര കൃഷി ഓഫീസർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു:

"ശ്രീമതി.ചിറ്റക്കപറമ്പ് ജാനു D/o. അപ്പ കൊട്ടേപ്പുറത്ത് പുല്ലിപ്പറമ്പ് എന്നവർ സർവ്വേ നമ്പർ 257/2 ബ്ലോക്ക് 1 സുമാർ 4.04 ആർ സ്ഥലം അനധികൃതമായി ചുറ്റമതിൽ കെട്ടി തരം മാറ്റിയിട്ടുണ്ട്

എന്ന് കാണിച്ച് 16.10.2019 നം, ബ്ലോക്ക് 1 257/2 സർവ്വേ നമ്പറിൽപ്പെട്ട സുമാർ 16 സെന്റ് സ്ഥലം ശ്രീ.സുബ്രഹ്മണ്യൻ കൊട്ടേപ്പറത്ത് S/o. താമി പുല്ലിപ്പറമ്പ് എന്നിവർ അനധികൃതമായി തരം മാറ്റിയിട്ടുണ്ട് എന്ന് കാണിച്ച് 06.05.2019 നം തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ചേലേമ്പ്ര കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 24.11.2021 ന് ചേലേമ്പ്ര കൃഷി ഓഫീസറും വില്ലേജ് സ്റ്റാഫുമൊത്ത് സംയുക്ത സ്ഥലപരിശോധന നടത്തിയതിലും പ്രസ്തുത ഭൂമി അനധികൃതമായി മണ്ണിട്ട് ചുറ്റുമതിൽ കെട്ടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കൃഷിയോഗ്യമാക്കാവുന്ന ഭൂമിയാണെന്നും കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തു."

4. ചേലേമ്പ്ര വില്ലേജ് ഓഫീസർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു:

"അപേക്ഷ ഭൂമി നേരിൽ പരിശോധിച്ചു. ചേലേമ്പ്ര വില്ലേജിൽ കണ്ടായിപ്പാടം എന്ന സ്ഥലത്ത് ബ്ലോക്ക് 1 റി. സ. 257/2 ൽപ്പെട്ട സ്ഥലം വർഷങ്ങൾക്ക് മുമ്പ് മണ്ണിട്ട് നികത്തിയതായി കാണുന്നു ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായതിനാൽ 23.03.2019 തീയതിയിൽ കൈവശക്കാരനായ ശ്രീ.സുബ്രഹ്മണ്യൻ എന്നവർക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ആയതിൽ മലപ്പുറം ജില്ലാ കളക്ടർക്കും, കൊണ്ടോട്ടി തഹസിൽദാർക്കും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. മേൽ ഭൂമി ഇടിമുഴിക്കൽ കൊളക്കാട്ട്ചാലി റോഡിൽ കണ്ടായിപ്പാടം എന്ന സ്ഥലത്ത് റോഡിനോട് ചേർന്ന് കിടക്കുന്നു. ടി സ്ഥലത്തിൽ റോഡിനോട് ചേർന്ന മുൻവശം ശ്രീ.സുബ്രഹ്മണ്യൻ എന്നവരുടെ മാതാവ് ശ്രീമതി.ജാനു കൈവശത്തിലും പിൻവശത്തുള്ള ഭാഗം അപേക്ഷകന്റെ പേരിലുമാണ്. ബ്ലോക്ക് 1 ൽ റി. സ. 257/2 ൽപെട്ട 0.6295 ഹെക്ടർ ഭൂമിയിൽ 0.5800 ഹെക്ടർ ഡാറ്റാ ബാങ്കിൽ നെൽവയലായും ബാക്കി ഒരു പഴയ വീട് സ്ഥിതി ചെയ്യുന്ന 0.0495 ഹെക്ടർ സ്ഥലം തരം മാറിയിട്ടുള്ളതുമായി കാണുന്നു."

5. മേൽ റിപ്പോർട്ടുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി വിശദമായി പരിശോധിച്ചു. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം അനധികൃതമായി പരിവർത്തനം നടത്തിയതായി ബോധ്യപ്പെട്ടു. പ്രസ്തുത ഭൂമി തരം മാറ്റിയാൽ മറ്റ് നെൽവയലുകളും തരം മാറ്റുന്നതിലേക്ക് നയിക്കുകയും, ആയത് പാരിസ്ഥിതിക വ്യവസ്ഥയെ തന്നെ ദോഷകരമായി ബാധിക്കുമെന്നും ബോധ്യപ്പെട്ടതിനാൽ പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് ശരിവച്ചു കൊണ്ടും, പരാമർശം (2) പ്രകാരം ശ്രീ.സുബ്രഹ്മണ്യൻ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ശ്രീ. സുബ്രഹ്മണ്യൻ കൊട്ടേപ്പുറത്ത്, S/o.താമി, പുല്ലിപ്പറമ്പ് വീട്, ചേലേമ്പ്ര, മലപ്പുറം-673634.
ജില്ലാ കളക്ടർ, മലപ്പുറം.
റവന്യൂ ഡിവിഷണൽ ഓഫീസർ, തിരൂർ, മലപ്പുറം.
വില്ലേജ് ഓഫീസർ, ചേലേമ്പ്ര, മലപ്പുറം.
കൃഷി ഓഫീസർ, കൃഷിഭവൻ, ചേലേമ്പ്ര, മലപ്പുറം.
പൊതുജന വിവരസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.AGRI-NCA2/180/2020-AGRI].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ